**Catholic Syrian Bank** **CSB**

# THE CATHOLIC SYRIAN BANK LTD.


**Registered Office**: CSB Bhavan, St. Mary's College Road,
Post Box No. 502, Thrissur, Kerala-680 020
**Tel:** +91 487 2333020; **Fax:** +91 487 2338764
**Website**: www.csb.co.in ; **E-mail**: investors@csb.co.in
**Corporate Identity Number**: U65191KL1920PLC000175


## തപാൽ ബാലറ്റ് നോട്ടീസ്

കമ്പനീസ് ആക്ട് 2013 ലെ 108 ഉം 110 ഉം വകുപ്പുകൾ, കമ്പനീസ് (മാനേജ്മെന്റ് & അഡ്മിനിസ്ട്രേഷൻ) റൂൾസ് 2014 ലെ ചട്ടങ്ങൾ, ആയതിനു വരുത്തിയിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ച പുതിയ വ്യവസ്ഥകൾ എന്നിവ പ്രകാരവും ആയതു പാലിച്ചും തയ്യാറാക്കിയ 31-10-2018 തിയ്യതിയിലെ തപാൽ ബാലറ്റ് നോട്ടീസും ആയതു വിവരിക്കുന്ന പ്രസ്താവനയും തപാൽ ബാലറ്റ് ഫോമും സ്റ്റാമ്പ് ഒട്ടിച്ച മറുപടി തപാൽ കവറും സഹിതം ആയതിൽ പറഞ്ഞിട്ടുള്ള പ്രത്യേക പ്രമേയത്തിനു അംഗങ്ങളുടെ അംഗീകാരം തപാൽ ബാലറ്റ് വോട്ടിംഗ്/ഇലക്ട്രോണിക് വോട്ടിംഗ് എന്നിവ വഴി ലഭിക്കുന്നതിലേക്കായി അംഗങ്ങൾക്ക് 10.11.2018 -ാം തിയ്യതി അയച്ച് ആ പ്രക്രിയ പൂർത്തിയാക്കിയിട്ടുള്ളതാണെന്നും കട്ട് ഓഫ് തിയ്യതിയായ 02.11.2018 ലെ ബാങ്കിന്റെ റജിസ്റ്റർ ഓഫ് മെമ്പേഴ്സ് / റിക്കാർഡ്സ് ഓഫ് ഡിപ്പോസിറ്ററീസ് എന്നിവയിൽ പേരുള്ളതും, ബാങ്കിലോ NSDL ലോ CDSL ലോ ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ് പക്കലോ ഇ-മെയിൽ വിലാസം റജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ എല്ലാ അംഗങ്ങൾ / ബെനിഫിഷ്യൽ ഓണേഴ്സ് എന്നിവർക്കും മേപ്പടി നോട്ടീസ് അയച്ചിട്ടുള്ളതാണെന്നും മേൽപറഞ്ഞ പ്രകാരം ഇ-മെയിൽ റജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങൾക്ക് മേപ്പടി നോട്ടീസ് ഇ-മെയിലായി 10.11.2018 തിയ്യതി അയച്ചിട്ടുള്ളതാണെന്നും ബാങ്കിന്റെ മാന്യ അംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

മേപ്പടി തപാൽ ബാലറ്റ് നോട്ടീസും ഫോമും അനുബന്ധ രേഖകളും ബാങ്കിന്റെ വെബ്സൈറ്റായ www.csb.co.in ലും ലഭ്യമാണ്. കട്ട് ഓഫ് തിയ്യതിയിലെ ബാങ്കിന്റെ റജിസ്റ്റർ ഓഫ് മെമ്പേഴ്സ് / ബെനിഫിഷ്യൽ ഓണേഴ്സിൽ റിക്കാർഡാക്കിയിട്ടുള്ള ഒരാൾക്ക് മാത്രമായിരിക്കും മേപ്പടി തപാൽ ബാലറ്റ് / ഇ-വോട്ടിംഗ് സൗകര്യം ഉപയോഗിക്കുവാൻ അധികാരമുള്ളത് എന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. കട്ട് ഓഫ് തിയ്യതിയിൽ ബാങ്കിന്റെ അംഗങ്ങളല്ലാത്തവർ മേപ്പടി നോട്ടീസിനെ വിവരമറിയിക്കൽ നോട്ടീസായി കണക്കാക്കേണ്ടതാണ്.

**അംഗങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ച് രേഖപ്പെടുത്തി വെക്കുവാൻ താൽപ്പര്യപ്പെടുന്നു.**

1) അംഗങ്ങൾക്ക് തപാൽ ബാലറ്റ് പേപ്പറിലൂടെയോ ഇലക്ട്രോണിക് വോട്ടിംഗിലൂടെയോ വോട്ടിംഗ് അവകാശം വിനിയോഗിക്കാവുന്നതാണ്.
2) തപാൽ ബാലറ്റിലൂടെയും ഇലക്ട്രോണിക് വോട്ടിംഗിലൂടെയും ഉള്ള വോട്ടിംഗ് 2018 നവംബർ 12-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് 2018 ഡിസംബർ 11-ാം തിയ്യതി ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്ക് അവസാനിക്കുന്നതുമാണ്.
3) വ്യക്തമായും കൃത്യമായും പൂരിപ്പിച്ച് പൂർത്തിയാക്കിയിട്ടുള്ള തപാൽ ബാലറ്റ് ഫോമുകൾ 2018 ഡിസംബർ 11-ാം തിയ്യതി ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്കോ അതിനു മുമ്പായോ സൂക്ഷ്മ പരിശോധകന്റെ പക്കൽ എത്തേണ്ടതാണ്.
4) 2018 ഡിസംബർ 11-ാം തിയ്യതി ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്കുശേഷം ലഭിക്കുന്ന തപാൽ ബാലറ്റുകൾ സാധുവായി കണക്കാക്കപ്പെടില്ലാത്തതും മേപ്പടി തിയ്യതി മേപ്പടി സമയത്തിനു ശേഷം തപാൽ മുഖാന്തിരമോ ഇലക്ട്രോണിക് വോട്ടിംഗ് മുഖാന്തിരമോ വോട്ടിംഗ് ചെയ്യാൻ അനുവദിക്കില്ലാത്തതുമാണ്.
5) ഇലക്ട്രോണിക് വോട്ടിംഗ് ചെയ്യാനുള്ള ഇ വോട്ടിംഗ് സൗകര്യം 2018 ഡിസംബർ 11-ാം തിയ്യതി ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്കു നിർത്തിവെക്കുന്നതാണ്.
6) ഏതെങ്കിലും ഓഹരി ഉടമ തപാൽ ബാലറ്റിലൂടെയും ഇലക്ട്രോണിക് വോട്ടിംഗിലൂടെയും വോട്ട് ചെയ്യുന്നപക്ഷം ഇ-വോട്ടിംഗിലൂടെ ചെയ്ത വോട്ട് സാധുവായും തപാൽ ബാലറ്റിലൂടെ ചെയ്ത വോട്ട് അസാധുവായും പരിഗണിക്കപ്പെടുന്നതാണ്. തപാൽ ബാലറ്റ് ഫോറം കിട്ടാത്ത ഓഹരി ഉടമകൾ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് ബാങ്കിന്റെ വെബ്സൈറ്റായ www.csb.co.in ൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുകയോ അല്ലാത്തപക്ഷം investors@csb.co.in അല്ലെങ്കിൽ info@skdc-consultants.com എന്ന ഇ-മെയിൽ വിലാസത്തിൽ മെയിൽ അയച്ച് ബാങ്കിനോട് /ബാങ്ക് RTA യോട് ഡ്യൂപ്ലിക്കേറ്റ് തപാൽ ബാലറ്റ് പേപ്പർ അയച്ചുതരുവാൻ അപേക്ഷിക്കേണ്ടതുമാണ്.

മേപ്പടി തപാൽ ബാലറ്റ് ഫോം വോട്ടിംഗ്, ഇ-വോട്ടിംഗ് എന്നിവ ന്യായമായും സുതാര്യമായും നടത്തുന്നതിനും ആയതിന്റെ സൂക്ഷ്മപരിശോധനയ്ക്കുമായി ശ്രീ.ശിവകുമാർ.പി, CS, മാനേജിംഗ് പാർട്ണർ, SVJS & Associates , Company Secretaries, 39/3525, കൗസ്തുഭം, മണിക്കത്ത് റോഡ്, രവിപുരം,കൊച്ചി - 682016, കേരളം (മെമ്പർഷിപ്പ് നമ്പ്ര് FCS 3050 ഉം സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് നമ്പ്ര് CP 2210) എന്നവരെ ബാങ്ക് നിയമിച്ചിട്ടുള്ളതാണ്. മേപ്പടി വോട്ടിംഗിന്റെ ഫലം വ്യാഴാഴ്ച ഡിസംബർ 13-ാം തിയ്യതി വൈകുന്നേരം 5.30 നോ അതിനു മുൻപോ ബാങ്കിന്റെ റജിസ്റ്റേർഡ് ഓഫീസിൽ വെച്ച് ചെയർമാൻ / മാനേജിംഗ് ഡയറക്ടർ & സി.ഇ.ഒ/കമ്പനി സെക്രട്ടറി പ്രഖ്യാപിക്കുന്നതാണ്. മേപ്പടി വോട്ടിംഗ് ഫലം പ്രഖ്യാപിച്ചശേഷം വോട്ടിംഗ് ഫലം സൂക്ഷ്മപരിശോധകന്റെ റിപ്പോർട്ട് സഹിതം ബാങ്കിന്റെ റജിസ്റ്റേർഡ് ഓഫീസിലും ബാങ്കിന്റെ വെബ്സൈറ്റായ www.csb.co.in ലും CDSL ന്റെ വെബ്സൈറ്റിലും പ്രദർശിപ്പിക്കുന്നതാണ്.

മാന്യ അംഗങ്ങൾക്ക് തപാൽ ബാലറ്റ്, വോട്ടിംഗ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ സങ്കടങ്ങളോ ഉണ്ടെങ്കിൽ ബാങ്കിന്റെ കമ്പനി സെക്രട്ടറിയെ മേലെഴുതിയ ഫോൺനമ്പറുകളിലോ ഇ-മെയിലിലൂടെയോ അറിയിക്കാവുന്നതാണ്. ഇലക്ട്രോണിക് വോട്ടിംഗിനെ സംബന്ധിച്ച നിർദ്ദേശങ്ങൾക്കായി ഓഹരി ഉടമകൾ തപാൽ ബാലറ്റ് നോട്ടീസിലെ നിർദ്ദേശങ്ങൾ നോക്കേണ്ടതും ഇ-വോട്ടിംഗിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും പ്രശ്നങ്ങൾക്കും മറുപടിക്കായി അംഗങ്ങൾ ശ്രീ.രാഗേഷ് ഡാൽവി, Deputy Manager, e-Voting helpdesk, Central Depository Services (India) Limited (CDSL), A Wing, 25th Floor, Marathon Futurex, Mafatlal Mill Compounds, N M Joshi Marg, Lower Parel (East), Mumbai - 400013, Tel: 022-23023333, Fax: 022-23002043, Toll free No.: 1800225533 or through e-mail at helpdesk.evoting@cdslindia.com അഥവാ ശ്രീ. കെ. ജയകുമാർ, Manager, Systems & Support, M/S SKDC Consultants Limited, Kanapathy Towers, 3rd Floor, 1391/A-1, Sathy Road, Ganapathy, Coimabtore-641006, ഫോൺ : +914224958995, 2539835-836, ഫാക്സ്-+91422 2539837, email:info@skdc-consultants.com, website:www.skdc-consultants.com എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. ആയതു കൂടാതെ http://www.evotingindia.com എന്ന വെബ്സൈറ്റിലെ "help" വിഭാഗത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള "Frequently Asked Questions" (FAQs) ഉം "e-voting user manual for shareholders" ഉം വായിച്ച് അംഗങ്ങൾക്ക് ഇ-വോട്ടിംഗിനെ പറ്റി മനസ്സിലാക്കാവുന്നതാണ്.

ബോർഡിന്റെ ആജ്ഞപ്രകാരം
കാത്തലിക് സിറിയൻ ബാങ്കിന് വേണ്ടി
ഒപ്പ്
സിജോ വർഗ്ഗീസ്
കമ്പനി സെക്രട്ടറി

സ്ഥലം : തൃശൂർ
തിയ്യതി : 10.11.2018